**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **15-03-2022 - ൽ മറുപടിയ്ക്ക്**

**പരിയാപുരത്ത് പുതിയ ഡയറി യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പരപ്പനങ്ങാടി വില്ലേജിൽ പരിയാപുരം ഭാഗത്ത് പുതിയ ഡയറി യൂണിറ്റ് അനുവദിക്കുന്നതിന് എം.എൽ.എ.യുടെ കത്ത് സഹിതം എം.പി. മുഹമ്മദ് എന്ന വ്യക്തി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | മലപ്പുറം ജില്ലയിൽ, ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതി 2021-22-ലെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ 10 പശു യൂണിറ്റിനായി മുഹമ്മദ് എം.പി. മേലേപുറത്ത്, ഉള്ളണം എന്നയാളുടെ അപേക്ഷ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയത് ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർ ഫീൽഡ് പരിശോധന നടത്തിയതുമാണ്. മേൽ പദ്ധതികൾക്കായി മലപ്പുറം ജില്ലയ്ക്ക് 2 യൂണിറ്റ് ടാർജറ്റാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതിക്ക് ലഭിച്ച 19 ക്ഷീരകർഷകരുടെ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി മുൻഗണനാക്രമത്തിൽ ആദ്യ 2 റാങ്കിൽ മുഹമ്മദ് എം.പി. മേലേപ്പുറത്ത്, ഉള്ളണം എന്ന വ്യക്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വർഷം ശ്രീ.എം.പി. മുഹമ്മദ് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ